**റിപ്പോർട്ട് നമ്പർ: 1.1** *(83-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിന്റെ മിനിറ്റ്സ്)*

# കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല

## മിനിറ്റ്സ്, 83-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗം

തീയ്യതി : **19** ആഗസ്റ്റ് **2023**, സമയം : രാവിലെ **10.30** മണി
വേദി: പെരിയാർ ഹാൾ, വെറ്ററിനറി & അനിമൽ സയൻസസ് കോളേജ്, പൂക്കോട്, വയനാട്.
(ഫയൽ നമ്പർ: കെ.വി.എ.എസ്.യു./ജി.എ.-ബി1/2144/2023)

**ഹാജരായ അംഗങ്ങൾ:**

1. ഡോ. എം.ആർ. ശശീന്ദ്രനാഥ്, വൈസ് ചാൻസലർ - അദ്ധ്യക്ഷൻ
2. അഡ്വ. ടി. സിദ്ദിഖ് - എം.എൽ.എ. (എം.എൽ.എ പ്രതിനിധി)
   *(ഇനം. 3.9 ചർച്ച ചെയ്യുന്ന സമയത്ത് (ഉച്ചക്ക് 12 മണിക്ക്) എത്തിച്ചേർന്നു.)*
3. ശ്രീ. വാഴൂർ സോമൻ, എം.എൽ.എ. (മാനേജ്മെന്റ് കൗൺസിലിലെ എം.എൽ.എ. പ്രതിനിധി)
4. ശ്രീ. ഒ.ആർ. കേളു, എം.എൽ.എ. (മാനേജ്മെന്റ് കൗൺസിൽ പ്രതിനിധി)
5. ഡോ. സജിത്ത് പുരുഷോത്തമൻ (മാനേജ്മെന്റ് കൗൺസിലിലെ അദ്ധ്യാപക പ്രതിനിധി)
6. ഡോ. ലീബ ചാക്കോ (മാനേജ്മെന്റ് കൗൺസിൽ പ്രതിനിധി)
7. ശ്രീ. തോമസ്. കെ.കെ. (മാനേജ്മെന്റ് കൗൺസിൽ പ്രതിനിധി)
8. ഡോ. പി. സുധീർബാബു, രജിസ്ട്രാർ - മെമ്പർ സെക്രട്ടറി

**സാന്നിധ്യം:**

1. ശ്രീ. രാജേഷ്. ജി. ആർ., ജോയിന്റ് സെക്രട്ടറി (മൃഗ സംരക്ഷണ വിഭാഗം സെക്രട്ടറി യുടെ പ്രതിനിധി)
2. ഡോ. സി. ലത, ഡയറക്ടർ (അക്കാദമിക്സ് & റിസേർച്ച്)
3. ഡോ. രാജീവ്. ടി.എസ്., ഡയറക്ടർ (സംരംഭകത്വ വിജ്ഞാന വ്യാപന വിഭാഗം)
4. ഡോ. കെ. വിജയകുമാർ, ഡീൻ, സി.വി.എ.എസ്., മണ്ണുത്തി.
5. ഡോ. എസ്.എൻ. രാജകുമാർ, ഡീൻ, സി.ഡി.എസ്.റ്റി., മണ്ണുത്തി.
6. ശ്രീ. ദിനേശൻ. എ.കെ., ഫിനാൻസ് ഓഫീസർ
7. ശ്രീ. ബാബുരാജ്. കെ.പി., ഡയറക്ടർ (ഇൻ-ചാർജ്ജ്), ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് വിഭാഗം
8. ശ്രീമതി. ടി.പി. കോമളവല്ലി, ലോ ഓഫീസർ

യോഗം 10.30 മണിക്ക് ആരംഭിച്ചു. അദ്ധ്യക്ഷൻ എല്ലാ അംഗങ്ങളേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

കേരളത്തിലെ മുൻ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻചാണ്ടി, കേരളത്തിന്റെ മുൻ സ്പീക്കറായിരുന്ന ശ്രീ. വക്കം പുരുഷോത്തമൻ, മണ്ണൂത്തി വെറ്ററിനറി കോളേജിലെ മുൻ ഡീനായിരുന്ന ഡോ. ഇ. നാണു, മണ്ണൂത്തി വെറ്ററിനറി കോളേജിലെ മുൻ ഡീനും, അക്കാദമിക് റിസർച്ച് ഡയറക്ടറുമായിരുന്ന ഡോ. എം. കൃഷ്ണൻ നായർ എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

തുടർന്ന് അടുത്ത കാലത്ത് സർവ്വകലാശാലയിലെ അദ്ധ്യാപകർക്കും, വിദ്യാർത്ഥികൾക്കും ലഭിച്ച പ്രധാനപ്പെട്ട അംഗീകാരങ്ങളും സർവ്വകലാശാലയുടെ പ്രവർത്തന നേട്ടങ്ങളും ചെയർ യോഗത്തെ അറിയിച്ചു. ആയത് ചുവടെ കൊടുക്കുന്നു.

1. മഹാരാഷ്ട്ര ആനിമൽ & ഫിഷറീസ് സയൻസ് സർവ്വകലാശാലയിലെ പോസ്റ്റ് ഗ്രാജുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെറ്ററിനറി ആനിമൽ സയൻസ് നടത്തിയ 6-മത് ഓൺലൈൻ ക്ലിനിക്കൽ കേസ് കോൺഫറൻസിൽ ARGO ഡിപ്പാർട്ട്മെന്റിലെ പി.ജി സ്റ്റുഡന്റ്സ് ആയ ഡോ. അനന്തപദ്മനാഭൻ, ഡോ. അയന എന്നിവർക്ക് 2nd Prize ഉം ഡോ.രാഹുലിന് 3nd Prize ഉം ലഭ്യമായി.

2. ISACP വാർഷിക സമ്മേളനത്തിൽ ഡോ. ശ്യാം കെ വേണുഗോപാൽ അഭിമാനകരമായ നേട്ടം കൈവരിച്ചു. അദ്ദേഹത്തിന് "Vetoquinol Gold Medal for Excellence in Cannie Practice 2023" എന്ന അവാർഡ് ലഭിച്ചു. അതേ സമ്മേളനത്തിൽ ഡോ. ഹിരൺ.എം ഹർഷന് ആനിമൽ റിപ്രൊഡക്ഷൻ സെഷനിൽ best paper presentation award ലഭിച്ചു.

3. മണ്ണൂത്തി വെറ്ററിനറി കോളേജിലെ 2019 ബാച്ച് BVSc വിദ്യാർത്ഥിയായ അനന്തു രാജാജിക്ക് പാരീസിൽ വെച്ച് നടക്കുന്ന "World organization for Animal Health General Assembly" യിൽ പ്രതിനിധിയായ പങ്കെടുക്കുന്നതിന് സെലക്ഷൻ കിട്ടി. ടിയാന് യാത്ര ചെലവ്, രജിസ്ട്രേഷൻ ഫീസ് മുതലായവ IVSA യും WOAH ഉം വഹിക്കുന്നതാണ്.

4. കൊച്ചിയിൽ നടന്ന രണ്ടാമത് രാജ്യാന്തര IVD കോൺഗ്രസിൽ ഡോ. അഞ്ജു.കെ ഡാനിയലിനും ഡോ. സിന്ധു ഒ.കെ. യ്ക്കും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിച്ചു.

5. കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാലയുടെ 4-മത് കോൺവൊക്കേഷൻ മെയ് 20 ന് നടന്നു.

6. ജാർഖണ്ഡ് കൃഷിമന്ത്രി ശ്രീ. ബാദലും മറ്റ് ഉദ്യോഗസ്ഥരും മണ്ണൂത്തി വെറ്ററിനറി കോളേജ് സന്ദർശിച്ചു.

7. കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാലയ്ക്ക് കൊയിലാണ്ടി നഗരസഭ സൗജന്യമായി നൽകിയ നടേരി വലിയമലയിലെ സ്ഥലം കൈമാറ്റ പ്രഖ്യാപന ത്തിന്റെ ഉദ്ഘാടനം ബഹു.മൃഗ സംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി നിർവഹിച്ചു.

8. വെറ്ററിനറി സർവ്വകലാശാലയുടെ പതിമൂന്നാമത് സ്ഥാപക ദിനാഘോഷം 'നിറവ്' നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ന്യൂട്രീഷൻ ആൻഡ് ഫിസിയോളജി ഡയറക്ടർ ഡോ. രാഘവേന്ദ്ര ഭട്ട് മണ്ണൂത്തി ക്യാമ്പസ്സിൽ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ സർവ്വകലാശാലയുടെ താഴെ പറയുന്ന 13 നൂതന പദ്ധതികൾ നാടിന് സമർപ്പിച്ചു.

   1) "ജീവനാദം"-സർവ്വകലാശാലയുടെ ഓൾ ഇന്ത്യാ റേഡിയോ പ്രക്ഷേപണ പരിപാടി..
   2) Technology duly and transferable interface – വിവിധ യൂണിറ്റുകളുടെ Interface പ്രവർത്തനങ്ങൾ.
   3) സർവ്വകലാശാലാ പൗൾട്രി ഫാമിലെ നവീകരിച്ച കർഷക പരിശീലന കേന്ദ്രം.
   4) Virtual reality Class room at Mannuthy Campus.

5) Industry Academy Interface.
6) Goat Dipping unit at Goat and Sheep farm.
7) Renovated Rejuvenation Wellness Centre for pets at Mannuthy Campus.
8) സർവ്വകലാശാല പൗൾട്രി ഫാമിലെ നവീകരിച്ച ഹാച്ചറി, ജൈവ വള യൂണിറ്റ്.
9) സർവ്വകലാശാലയുടെ ഫാമുകളിലെ വളർത്തു മൃഗങ്ങളുടെയും പക്ഷികളുടെയും കേന്ദ്രീകൃത വിൽപന കേന്ദ്രം.
10) ഡയറി ഡിപ്ലോമ വിദ്യാർത്ഥികൾക്കായി നവീകരിച്ച ക്ലാസ് റൂം.
11) സർവ്വകലാശാല പ്രസിദ്ധീകരണങ്ങളുടെ പ്രകാശനം.
12) സർവ്വകലാശാല ഗവേഷണത്തിലൂടെ വികസിപ്പിച്ച സാങ്കേതിക വിദ്യകളുടെ കൈമാറ്റം.
13) മണ്ണൂത്തി വെറ്ററിനറി കോളേജിന്റെ പ്രിവന്റീവ് മെഡിസിൻ വിഭാഗം സൗജന്യമായി Free Anti rabies Vaccine ക്യാമ്പ് നടത്തി.

9. കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ ലൈവ്‌ലിഹുഡ് ഇന്റർവെൻഷൻ ഫെസിലിറ്റേഷൻ എൻക്ലേവ് പദ്ധതിയിൽ ഉൾപ്പെടുത്തി കടയ്ക്കൽ, ചാണകപ്പാറ സന്മാർഗദായിനി സ്മാരക വായനശാലയിലെ ആദ്യ പ്രാദേശിക മൃഗസംരക്ഷണ സംരഭകത്വം വികസന പരിശീലന കേന്ദ്രം (സമന്വയം സെന്റർ) മന്ത്രി ജെ.ചിഞ്ചുറാണി ഉദ്ഘാടനം ചെയ്തു.

10. അന്താരാഷ്ട്ര യോഗ ദിനാഘോഷം ജൂൺ 19 ന് സർവ്വകലാശാലയിലെ വിവിധ ക്യാമ്പസ്സുകളിൽ നടന്നു.

11. ഡി.ഇ. യുടെ നേതൃത്വത്തിൽ വയനാട്ടിലെ ഉൾഗ്രാമങ്ങളിൽ നിന്നുള്ള ആദിവാസി വിദ്യാർത്ഥികൾക്കായി മെയ് 16, 17 ദിവസങ്ങളിൽ "ആരൽ" എന്ന വേനൽകാല ക്യാമ്പ് സംഘടിപ്പിച്ചു.

12. ഫിസിക്കൽ എഡ്യുക്കേഷൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ. ജോസ് മാത്യു മൂന്നാമത് ഘേലോ മാസ്റ്റേഴ്സ് സ്റ്റേറ്റ് അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ വിവിധ കായിക ഇനങ്ങളിലായി സ്വർണം, വെള്ളി, വെങ്കലം മെഡലുകൾ കരസ്ഥമാക്കി.

13. NIT കോഴിക്കോട് വെച്ച് നടന്ന സ്വദേശി സയൻസ് കോൺഗ്രസിൽ "Indian Knowledge System" എന്ന സെഷനിൽ VKIDFT-യിലെ അസിസ്റ്റന്റ് പ്രൊഫസർ, ശ്രീമതി. ദിവ്യ.കെ.ബി-ക്ക് ബെസ്റ്റ് പേപ്പർ അവാർഡ് ലഭിച്ചു.

14. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ 2023 ആഗസ്റ്റ് 5, 6 തീയ്യതിയിൽ നടന്ന രണ്ടാമത് State Athletic Association Masters മീറ്റിൽ ഡോ.ജോസ് മാത്യു, 4x400 മീറ്റർ, 400 മീറ്റർ എന്നീ ഇനങ്ങളിൽ യഥാക്രമം സ്വർണ്ണം, വെള്ളി കരസ്ഥമാക്കി. ഡോ. ബേബി ശാലിനി Long Jump, Triple Jump വിഭാഗത്തിൽ വെള്ളി മെഡലും & 4x100 ഇനത്തിൽ സ്വർണ്ണവും കരസ്ഥമാക്കി.

15. കോഴിയിറച്ചി വിലയിലെ ഏറ്റക്കുറച്ചിലിനെതിരെ ബദൽ "പ്രതീക്ഷ" പദ്ധതി വെറ്ററിനറി സർവ്വകലാശാല നടപ്പിലാക്കുന്നു. നാടൻ കോഴിയിനങ്ങളെയും, മുട്ടക്കോഴി കുഞ്ഞുങ്ങളിലെ പൂവ്വൻമാരെയും അടുക്കള മുറ്റത്ത് വളർത്തി, അവയ്ക്ക് തീറ്റയായി ഗാർഹിക മാലിന്യത്തിൽ വളരുന്ന കുഞ്ഞ് ലാർവ്വകളെ ഉപയോഗിക്കുന്ന പദ്ധതിയാണ് തയ്യാറാക്കിയിരിക്കുന്നത്. സംസ്ഥാനത്തെ തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ കുടുംബശ്രീയുമായി കൈകോർത്ത് പരീക്ഷണാടിസ്ഥാനത്തിലാണ് പദ്ധതിയുടെ ആദ്യഘട്ടം നടപ്പിലാക്കുന്നത്. വീട്ടു മുറ്റത്ത് കോഴിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന പരിചയ സമ്പന്നരായ അൻപത് കുടുംബശ്രീ അംഗങ്ങൾക്ക് പത്ത് നാടൻ കോഴി കുഞ്ഞുങ്ങളോ, പൂവൻ കോഴിക്കുഞ്ഞുങ്ങളോ നൽകുകയും ഒപ്പം അവരുടെ വീടുകളിൽ ലാർവകൾ ഉൽപാദിപ്പിക്കുന്ന ചെറിയ യൂണിറ്റുകൾ സജ്ജമാക്കികൊടുക്കുകയും,

ശാസ്ത്രീയ കോഴി പരിപാലനത്തിൽ പരിശീലനം നൽകുകയും ചെയ്യുന്നതാണ് പദ്ധതി.

16. കാർഷിക മൃഗസംരക്ഷണ മേഖലയിലെ കർഷകരുടെ കണ്ടുപിടുത്തങ്ങൾ തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കുകയും വിപണനം നടത്താനുള്ള പദ്ധതി 17-08-23-ന് ഉദ്ഘാടനം ചെയ്തു.

17. കേരളത്തിലെ 14 ജില്ലയിലെയും കഴിവുറ്റ കർഷക ശാസ്ത്രജ്ഞരെ വിവിധ ഡിപ്പാർട്ട് മെന്റുകളുടെയും അനുബന്ധ ഏജൻസികളുടെയും സഹായത്തോടെ കണ്ടെത്തി വിവിധപ്രവർത്തന മേഖലകൾ രൂപീകരിക്കുന്ന "നാട്ടിലെ ശാസ്ത്രം" പദ്ധതിയും സർവ്വകലാശാല നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

Veterinary Council of India-യുടെ "Outstanding Veterinarian Award" - ന് ബഹു. വൈസ് ചാൻസലർ ഡോ. എം.ആർ. ശശീന്ദ്രനാഥ് അർഹനായി എന്നത് അഭിനന്ദാർഹമായ നേട്ടമാണെന്ന് രജിസ്ട്രാർ യോഗത്തെ അറിയിച്ചു.

തുടർന്ന് അജണ്ടാക്കുറിപ്പുകൾ അവതരിപ്പിക്കാൻ ചെയർ രജിസ്ട്രാറെ ക്ഷണിച്ചു.

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 1.1 | 25/03/2023-ന് നടന്ന 82-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിന്റെ മിനിറ്റ്സ് അംഗീകാരത്തിനായി സമർപ്പിക്കുന്നത്. | അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 1.2 | 19/05/2023-ന് നടന്ന പ്രത്യേക ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിന്റെ മിനിറ്റ്സ് അംഗീകാരത്തിനായി സമർപ്പിക്കുന്നത്. | അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 1.3 | 25/03/2023-ന് നടന്ന 82-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് അംഗീകാരത്തിനായി സമർപ്പിക്കുന്നത്. | അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 1.4 | 19/05/2023-ന് നടന്ന പ്രത്യേക ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് അംഗീകാരത്തിനായി സമർപ്പിക്കുന്നത്. | അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 1.5 | GA/A5 - Dr. Deepa. C.K., Assistant Professor, Department of Veterinary parasitology, CVAS, Pookode - Permission to travel abroad availing Earned Leave - Reporting - Reg. | Noted.<br><br>*Action: Registrar* |
| 1.6 | പൊതുഭരണം/സി2 – അഡ്വക്കേറ്റ് മനു ഗോവിന്ദ്, സ്റ്റാൻഡിങ് കൗൺസിലിന്റെ കാലാവധി ഒരു വർഷത്തേക്ക് കൂടി പുതുക്കി നൽകിയത് – റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്. | ശ്രദ്ധിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 1.7 | പൊതുഭരണം/സി2 – 04/2023(A) നമ്പർ പരാതിയിൻമേൽ ലോകായുക്തക്ക് മുമ്പാകെ സർവകലാശാലക്കു വേണ്ടി ഹാജരാകുവാൻ അഡ്വ. ഉദയഭാനുവിനെ നിയോഗിച്ചത് റിപ്പോർട്ട് ചെയ്യുന്നത്– സംബന്ധിച്ച്. | ശ്രദ്ധിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 1.8 | GA/A5 - Smt. Ankitha Anto. C., Dairy Extension officer on deputation to KVASU- Permission to travel abroad availing Earned Leave- Reporting - Reg. | Noted.<br><br>*Action: Registrar* |
| 1.9 | GA/A5 - Dr. Arun George., Assistant Professor, Department of Veterinary Clinical Medicine,Ethics and Jurisprudence, CVAS, Mannuthy - Permission to travel abroad on Casual Leave- Reporting -Reg. | Noted.<br><br>*Action: Registrar* |
| 1.10 | GA/A5 - SERB TARE Project - Deputation for 90 days granted to Dr.Leena Chandrasekhar, Assistant Professor, Department of Veterinary Anatomy, CVAS, Mannuthy to work at host institute – Reporting - Reg. | Noted.<br><br>*Action: Registrar* |
| 1.11 | GA/A5 - SERB TARE Project - Deputation for 90 days granted to Dr. Lali F Anand., Assistant Professor, Department of Animal Breeding and Genetics, CVAS, Pookode to work at host institute-Reporting-reg. | Noted.<br><br>*Action: Registrar* |
| 1.12 | GA/A5 - Dr.Bimal C.B., Assistant Professor, Department of Animal Genetics and Breeding, CVAS,Pookode - LWA Period granted for study purpose extended till 12.11.2023 - Reporting - reg. | Noted.<br><br>*Action: Registrar* |

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 1.13 | GA/A1 - Dr. A.P. Usha, Director of Farms and Professor and Head, CPPR, Mannuthy - Permission to travel abroad by availing Commuted Leave – Reporting - Reg. | Noted.<br><br>*Action: Registrar* |
| 1.14 | GA/A1 - Dr. Ally K, Professor & Head, Department of Animal Nutrition, CVAS, Mannuthy - Permission to travel abroad by availing Earned Leave- Reporting-reg. | Noted.<br><br>*Action: Registrar* |
| 1.15 | GA/A1 - Dr. K. Shyama, Professor, Department of Animal Nutrition, CVAS, Mannuthy - Permission to travel abroad by availing Commuted Leave & Earned leave-Reporting-reg. | Noted.<br><br>*Action: Registrar* |
| 1.16 | GA/A1 - Dr. Harikrishanan S, Assistant Professor & Special Officer, CASM, Thiruvazhamkunnu- Permission to travel abroad for official purpose – Reporting – Reg: | Noted.<br><br>*Action: Registrar* |
| 1.17 | GA/A1 - Dr. S. Anoop, Professor, Department of Veterinary Surgery & Radiology, COVAS, Pookode - Permission to travel abroad by availing Commuted Leave-Reporting-reg | Noted.<br><br>*Action: Registrar* |
| 1.18 | GA/A1 - Dr. K. M Syam Mohan, Professor & Head, ULF & FRDS, Mannuthy - Permission to travel abroad by availing Commuted Leave Reporting - Reg. | Noted.<br><br>*Action: Registrar* |

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 1.19 | GA/A1 - Appointment of Heads of Department and Head of University Departments – reporting - Reg: | Hon'ble member Dr. Leeba Chacko has informed that Dr. S. Anoop, Professor, whose name is proposed as the Head of the Department in Veterinary Surgery and Radiology at CVAS, Pookode, was transferred and she suggested to appoint Dr. Soorya Das, Associate Professor, who is the next senior in the Department, as the Head in place of Dr. S. Anoop.<br><br>The Board has approved the proposed list and is directed to make necessary changes in the list to incorporate the above suggestions by observing the rules in this regard after obtaining the necessary willingness from the faculty member.<br><br>*Action: Registrar* |
| 1.20 | പൊതുഭരണം/സി1 – സർവ്വകലാശാല അക്കാദമിക് സ്റ്റാഫ് കോളേജിന്റെ സംവിധാനങ്ങൾക്ക് യൂട്ടിലിറ്റി ചാർജ്ജ് ഏർപ്പെടുത്തിയത് - ഭരണസമിതി യിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്. | യൂട്ടിലിറ്റി ചാർജ്ജസ്സിന്റെ കൂടെ ശുചീകരണ പ്രക്രിയയ്ക്കായി 250/- രൂപ അധികമായി ഈടാക്കാൻ നിർദ്ദേശിച്ചു കൊണ്ട് ഏർപ്പെടുത്തിയ നിരക്കുകൾ യോഗം അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 1.21 | പൊതുഭരണം/സി1 – സർവ്വകലാ ശാലയുടെ മണ്ണുത്തി സി.വി.എ.എസ്. കോളേജിന് കീഴിലുള്ള ഗസ്റ്റ് ഹൗസിന്റെ ഡൈനിംഗ് ഫെസിലിറ്റിക്ക് വാടക ഏർപ്പെടുത്തിയത് - ഭരണ സമിതിയി ലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്. | വാടകയുടെ കൂടെ ശുചീകരണ പ്രക്രിയയ്ക്കായി 250/- രൂപ അധികമായി ഈടാക്കാൻ നിർദ്ദേശിച്ചു കൊണ്ട് ഏർപ്പെടുത്തിയ നിരക്കുകൾ യോഗം അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 1.22 | GA/A1– Smt. T.P Komalavally, Additional Law Secretary, Law Department -Posted as Law Officer, KVASU on deputation basis – Reporting – Reg: | Noted.<br><br>*Action: Registrar* |

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 2.1 (A&B) | DAR - Academic Programmes – Approval of result -Reg. | Approved and recommended to the Management Council.<br><br>*Action: DAR* |
| 2.2 | DAR - Request to reduce the tuition fee for MSc Animal Biotechnology programme offered at CVAS, Mannuthy - Reg. | Approved.<br><br>*Action: DAR* |
| 2.3 | DAR - Modification in the Career advancement scheme (CAS) for teachers: Promotion criteria- Assistant Professors from Academic level 11 to Academic level 12/ Selection Grade - Reg. | Points (1) and (2) placed for the decision have been Approved.<br><br>*Action: DAR* |
| 2.4 | DAR - Research – Construction of Rendering plant under RKVY project entitled “Establishing a poultry breeding farm for backyard chicken production at Thiruvazhamkunnu, Palakkad”– Ratification - Reg. | Ratified.<br><br>*Action: DAR* |
| 2.5 | DAR – Research - Spoilage of milk in University Dairy Plant, Mannuthy - Permission for writing off the book value of the milk spoiled – Reg. | Permitted.<br><br>*Action: DAR* |
| 2.6 | DAR - Proposal for the enhancement of the fees of various courses offered by KVASU from the Academic Year 2023-24 - Reg. | Deferred to place the agenda in the next meeting.<br><br>*Action: DAR* |
| 3.1 | പൊതുഭരണം/എ3 – സർവ്വകലാശാലയിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക ട്രേഡ്/വിഭാഗം തിരിച്ച് അനുവദിക്കുന്നത് - സംബന്ധിച്ച്. | അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 3.2 | പൊതുഭരണം/എ2 – ശ്രീ. ഷൈജീഷ്. എൻ.വി, ലേബർ ഓഫീസറുടെ അന്യത്ര സേവനം ഒഴിവാക്കി സർവകലാശാലാ ഉദ്യോഗസ്ഥർക്ക് ചുമതല നൽകുന്നത് – സംബന്ധിച്ച്. | ശ്രീ. ഷൈജീഷ്. എൻ.വി, ലേബർ ഓഫീസറുടെ സേവനം ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതിനും മാതൃ വകുപ്പിൽ തിരികെ പ്രവേശിക്കുന്നതിനുള്ള ടിയാന്റെ അപേക്ഷ ലേബർ കമ്മീഷണർക്ക് ശുപാർശ ചെയ്യുന്നതിനും ടിയാൻ വിടുതൽ നേടിയ ശേഷം ലേബർ ഓഫീസറുടെ ചുമതല നിർദിഷ്ട യോഗ്യത/സേവന പരിചയമുള്ള സർവകലാശാലാ ഉദ്യോഗസ്ഥർക്ക് അധിക ചുമതലയായി കൈമാറുന്നതിനും അനുമതി നൽകി.<br><br>*നടപടി: രജിസ്ട്രാർ* |
| 3.3 | പൊതുഭരണം/എ2 – സർവ്വകലാ ശാലയിലെ അനധ്യാപക തസ്തിക കളിൽ ആശ്രിത നിയമനം നൽകുന്നത് – സംബന്ധിച്ച്. | സേവനത്തിലിരിക്കെ മരണപ്പെട്ട ജീവനക്കാരുടെ/തൊഴിലാളികളുടെ അവ കാശിക്ക് സമാശ്വാസ തൊഴിൽദാന പദ്ധതിയിൽപ്പെടുത്തി സർവ്വകലാശാല യിൽ ക്ലാസ്3/ക്ലാസ്4 വിഭാഗങ്ങളിൽ, നിയമനം നൽകുമ്പോൾ നികത്തപ്പെടുന്ന ഒഴിവുകൾ, നേരിട്ടുള്ള നിയമനത്തിനുള്ള ഒഴിവുകളിൽ നിന്നും ആഭ്യന്തര നിയമനത്തിന് നീക്കി വെച്ച ഒഴിവുകളിൽ നിന്നും 1:1 എന്ന അനുപാതത്തിൽ കുറവ് ചെയ്യാവുന്നതാണ് എന്ന് ഗവൺമെന്റി ലേക്ക് അറിയിക്കുന്നതിനുള്ള അനുമതി നൽകി.<br><br>*നടപടി: രജിസ്ട്രാർ* |
| 3.4 | പൊതുഭരണം/സി3 – സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ട് പ്രകാരമുള്ള അച്ചടക്ക നടപടി ചട്ടങ്ങൾ സർവ്വകലാശാലയിലെ ഫാം തൊഴിലാളികൾക്കും ബാധകമാക്കുന്ന തുമായി – ബന്ധപ്പെട്ട്. | മാറ്റിവെച്ചു. മേൽ വിഷയം സംഘടനകളുമായി ചർച്ച നടത്തിയ ശേഷം അടുത്ത യോഗത്തിൽ സമർപ്പിക്കുന്നതിനായി യോഗം നിർദ്ദേശിച്ചു. ആയതിന് അംഗീകാരം നേടിയ ശേഷം ആവശ്യമായ സ്റ്റാറ്റ്യൂട്ട് ഭേദഗതി വരുത്തണമെന്നും സമിതി നിർദ്ദേശിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 3.5 | പൊതുഭരണം/എ2 – ഭരണവിഭാഗം ഗസറ്റഡ് ഓഫീസർമാർക്ക് ന്യൂമെറിക്കൽ ഗ്രേഡിംഗ് സമ്പ്രദായം അടിസ്ഥാനമാക്കിയുള്ള പെർഫോമൻസ് അപ്രൈസൽ സിസ്റ്റം ബാധകമാക്കുന്നത് – സംബന്ധിച്ച്. | അംഗീകരിച്ച് മാനേജ്മെന്റ് കൗൺസിലിലേക്ക് ശുപാർശ ചെയ്തു. കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഓൺലൈനായി തയ്യാറാക്കുന്നതിനുള്ള സർക്കാർ സംവിധാനമായ “SCORE” എന്ന സോഫ്റ്റ്‌വെയർ ഫിനാൻസ് വകുപ്പിലേക്ക് ആവശ്യപ്പെട്ട് ആയത് ഉപയോഗിക്കുന്നതാണ് നല്ലത് എന്ന് ബഹു. മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറിയുടെ പ്രതിനിധി സഭയെ അറിയിച്ചു. യോഗം ടി നിർദ്ദേശം അംഗീകരിച്ച് “SCORE” സോഫ്റ്റ്.വെയർ ആവശ്യപ്പെടുന്നതിന് സർവ്വകലാശാല ഫിനാൻസ് ഓഫീസറിനെ ചുമതലപ്പെടുത്തി.<br>*നടപടി: രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ* |
| 3.6 | പൊതുഭരണം/എ2 – അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം അനുവദിക്കുന്നത് – സംബന്ധിച്ച്. | അംഗീകരിച്ച് മാനേജ്മെന്റ് കൗൺസിലിലേക്ക് ശുപാർശ ചെയ്തു.<br>*നടപടി: രജിസ്ട്രാർ* |
| 3.7 | പൊതുഭരണം/എ2 – ശ്രീമതി.സുനിത.ടി, അസ്സിസ്റ്റന്റിന്റെ നിരീക്ഷണ കാലം നീട്ടി നൽകുന്നത് – സംബന്ധിച്ച്. | അംഗീകരിച്ചു.<br>*നടപടി: രജിസ്ട്രാർ* |
| 3.8 | പൊതുഭരണം/എ3 – ഫാം സൂപ്പർവൈസറി വിഭാഗം ജീവനക്കാരുടെ ഉദ്യോഗക്കയറ്റം, കേഡർ സ്ട്രെങ്ങ്ത് ക്രമീകരിക്കുന്നത് എന്നിവ – സംബന്ധിച്ച്. | മൂന്ന് നിർദ്ദേശങ്ങളും ഭരണസമിതി അംഗീകരിച്ചു.<br>*നടപടി: രജിസ്ട്രാർ* |
| 3.9 | പൊതുഭരണം/എ3 – ഫാം അസിസ്റ്റന്റ് Gr.II തസ്തികയിലെ ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്. | നിയമന യോഗ്യത സംബന്ധിച്ച സ്റ്റാറ്റ്യൂട്ട് ഭേദഗതിക്ക് അംഗീകാരം ലഭിക്കുന്നതിനു മുൻപായി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി. വഴിയുള്ള പ്രവേശന നടപടികൾ ആരംഭിക്കാവുന്നതാണോ എന്നതിൽ സ്പഷ്ടീകരണം ആവശ്യപ്പെട്ടു കൊണ്ട് സർക്കാരിലേക്ക് കത്ത് അയക്കുന്നതിന് യോഗം തീരുമാനിച്ചു. ഫാം അസിസ്റ്റന്റ് Gr. II തസ്തികയിലേക്കുള്ള അടിസ്ഥാന യോഗ്യതയായി ഡിപ്ലോമ ഫീഡ് ടെക്നോളജി കോഴ്സിനെ കൂടി മറ്റ് ഡിപ്ലോമ കോഴ്സുകൾക്ക് ഒപ്പം ഉൾപ്പെടുത്തുന്നതിന് ഭരണസമിതി തീരുമാനിച്ചു. ആയതിനുള്ള സർക്കാർ അനുമതി ലഭിച്ച ശേഷം സ്റ്റാറ്റ്യൂട്ട് ഭേദഗതി വരുത്തുന്നതിന് വേണ്ട നടപടികൾ ഉടനടി സ്വീകരിക്കണമെന്ന് യോഗം നിർദ്ദേശിച്ചു. |

| | | |
|---|---|---|
| | | ആഭ്യന്തര നിയമനം വഴി സർക്കാർ ഉത്തരവിലെ യോഗ്യതയില്ലുള്ള ഉദ്യോഗാർത്ഥികളെ സൃഷ്ടിക്കുന്നതിനായി തൊഴിലാളി ജീവനക്കാർക്ക് ഇത്തരം കോഴ്സുകളിലേക്ക് സീറ്റ് സംവരണം ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും യോഗം നിർദ്ദേശിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.10 | GA/A5 - Granting of study leave to Dr.Rejitha Joseph, Assistant Professor to pursue Ph.D programme commencing in the academic year 2023-2024 for consideration and approval - Reg: | Approved.<br><br>*Action: Registrar* |
| 3.11 | പൊതുഭരണം/എ5 – 25.03.2023 ലെ രണ്ടാമത് ഗ്രീവൻസ് കമ്മിറ്റി യോഗത്തിന്റെ തീരുമാനങ്ങൾക്ക് ഭരണസമിതി യോഗത്തിന്റെ അംഗീകാരം ലഭ്യമാക്കുന്നത് സംബന്ധിച്ച്. | ഗ്രീവൻസ് കമ്മിറ്റി യോഗത്തിന്റെ തീരുമാനങ്ങൾ നാലും യോഗം അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.12 | പൊതുഭരണം/സി2 – ഡോ. എ. കണ്ണൻ, അസോസിയേറ്റ് പ്രൊഫസർക്കെതിരായ അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട 75–ാമത് ഭരണസമിതി യോഗ തീരുമാനം – സംബന്ധിച്ച്. | (1) ഡോ. എ. കണ്ണൻ, അസോസിയേറ്റ് പ്രൊഫസറിന്റെ പക്കൽ നിന്നും അന്വേഷണ കമ്മിറ്റി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള നഷ്ടം വന്ന തുകയായ 15,55,118/– രൂപ തിരികെ പിടിക്കുന്നതിന് യോഗം തീരുമാനിച്ചു.<br>(2) ആയത് കമ്മിറ്റി കണ്ടെത്തലുകൾ അടക്കം അറിയിച്ചു കൊണ്ട് ഓഡിറ്റ് വിഭാഗത്തിന് മറുപടി നല്കുന്നതിനും ഓഡിറ്റ് വിഭാഗത്തിന്റെ അന്തിമ തീരുമാനം അനുസരിച്ച് അന്തിമ തിരിച്ചടവ് തുക നിശ്ചയിക്കാമെന്നും യോഗം തീരുമാനിച്ചു.<br>(3) മേൽ വിവരം കോടതിയിൽ അറിയിക്കുന്നതിനും, സ്റ്റാറ്റ്യൂട്ട്, KS&SSR അനുസരിച്ചുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനും യോഗം തീരുമാനിച്ചു.<br><br>ഇതുമായി ബന്ധപ്പെട്ട അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് ഫിനാൻസ് ഓഫീസറെ ചുമതലപ്പെടുത്തി.<br><br>*നടപടി: രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ* |

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 3.13 | തൊഴിലാളി വിഭാഗം – സർവകലാശാലയുടെ മണ്ണുത്തി യൂണിറ്റിലേക്ക് കാഷ്വൽ തൊഴിലാളി തെരഞ്ഞെടുപ്പ് നടത്തുന്നത് – സംബന്ധിച്ച്. | സർവ്വകലാശാല ഇതിനോടകം സർക്കാരിനോട് അവശ്യപ്പെട്ടിട്ടുള്ള തൊഴിലാളി വിഭാഗം ജീവനക്കാരുടെ 118 പുതിയ തസ്തികകൾക്കുള്ള അംഗീകാരം നേടി തരുന്നതിന് ബഹു. എം.എൽ.എ. – മാരുടെ സഹായം രജിസ്ട്രാർ അഭ്യർത്ഥിച്ചു. ആയതിനായി ഓരോ ഫാമുകളിലെയും ജോലിഭാരം കണക്കിലെടുത്ത് ആവശ്യമുള്ള തൊഴിലാളികളുടെ എണ്ണവും, നിലവിലുള്ള തൊഴിലാളികളുടെ സ്ട്രെങ്ത്തും, നിലവിലുള്ള തൊഴിലാളികളുടെ അംഗ സംഖ്യയും അടങ്ങുന്ന കൃത്യമായ കണക്ക് നല്കുന്നതിന് ബഹു. അംഗം ഒ.ആർ. കേളു, എം.എൽ.എ. ആവശ്യപ്പെട്ടു.<br><br>ആയതിനുള്ള അംഗീകാരം നേടിയ ശേഷം തൊഴിലാളി നിയമനത്തിന് അനുമതി നൽകാമെന്ന് യോഗം തീരുമാനിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.14 | തൊഴിലാളി വിഭാഗം – പൂക്കോട് ഫാമിൽ നിലവിലുള്ള ഒഴിവുകൾ, മണ്ണുത്തി ഫാമിൽ നിന്നും പൂക്കോട് ഫാമിലേക്കു തസ്തികകൾ മാറ്റിയ അനുപാതത്തിൽ തിരികെ അനുവദിക്കുന്നത് – സംബന്ധിച്ച്. | തീരുമാനത്തിനായി സമർപ്പിച്ച (1) ഉം (2) ഉം നിർദ്ദേശങ്ങൾ അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.15 | പൊതുഭരണം/എ2 – സർവ്വകലാശാലക്കു കീഴിൽ ഡയറി സയൻസ് കോളേജിലേക്ക് അനുവദിക്കപ്പെട്ട 20 അനധ്യാപക തസ്തികളിൽ നിയമനം നടത്തുന്നത് – സംബന്ധിച്ച്. | അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.16 | പൊതുഭരണം/സി2 – സർവ്വകലാശാല വിവിധ നിയമ സേവനങ്ങൾക്ക് സ്റ്റാൻഡിംഗ് കൗൺസിലിന് അനുവദിക്കുന്ന ഫീസ് ഘടന പരിഷ്കരിക്കുന്നത് – സംബന്ധിച്ച്. | അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 3.17 | പൊതുഭരണം/എ6 – സർവ്വകലാശാലയിലെ അദ്ധ്യാപകരുടെ കരിയർ അഡ്വാൻസ്മെന്റ് പ്രൊമോഷൻ, അസിസ്റ്റന്റ് പ്രൊഫസർ നിയമനം – മേൽ നടപടികൾ സ്വീകരിക്കുന്നതിന് – വിദഗ്ധ സമിതി അംഗീകരിക്കുന്നത് – സംബന്ധിച്ച്. | അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.18 | പൊതുഭരണം/എ3 ശമ്പള കമ്മീഷൻ – ശുപാർശ പ്രകാരം സർവകലാശാല സ്റ്റാറ്റ്യൂട്ട് ഭേദഗതി വരുത്തുന്നത് –ഗവ. നിർദേശം നടപ്പാക്കുന്നത് സംബന്ധിച്ച്. | അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 4.1 | ഡി.ഇ – ഫോഡർ ക്രോപ്പ് ഡെവലപ്മെന്റ് ആർമി പരിശീലനാർത്ഥികളുടെ യോഗ്യതയിൽ മാറ്റം വരുത്തുന്നതിന് – അംഗീകാരം തേടുന്നത് – സംബന്ധിച്ച്. | ഈ പരിശീലന പരിപാടി ഇപ്പോൾ വിഭാവനം ചെയ്യുന്നത് പഞ്ചായത്തുകൾ പരിശീലനാർത്ഥികളെ, അവർക്കുള്ള സ്റ്റൈപ്പെന്റ്, സർവ്വകലാശാല ഫീസ് എന്നിവ അടക്കം, സ്പോൺസർ ചെയ്തു നല്കുന്നതിനും അവർക്ക് സർവ്വകലാശാല പരിശീലനം നൽകി തിരികെ അതാത് പഞ്ചായത്തിൽ ചെന്ന് ഫോഡർ വിപ്ലവം സൃഷ്ടിക്കും എന്ന രീതിയിലാണെന്ന് ബഹു. ഡയറക്ടർ ഓഫ് എന്റർപ്രണർഷിപ്പ് അറിയിച്ചു. മേൽ വിവരം സംസ്ഥാന സർക്കാരിന്റെയും സ്റ്റേറ്റ് പ്ലാനിങ് ബോർഡിന്റെയും ലോക്കൽ സെൽഫ് ഗവൺമെന്റ് സെക്രട്ടറിയുടെയും ശ്രദ്ധയിൽപ്പെടുത്തിയെന്നും ആയത് സ്റ്റേറ്റ് പ്ലാനിങ് ബോർഡ് അംഗീകരിച്ചെന്നും അദ്ദേഹം അറിയിച്ചു. കൂടാതെ, ലോക്കൽ സെൽഫ് ഗവൺമെന്റ് സെക്രട്ടറിയോട് പരിശീലന പരിപാടിയുടെ സ്റ്റൈഫന്റ്, ഫീസ് എന്നിവ അടക്കമുള്ള വിശദമായ പ്രൊപ്പോസൽ സഹിതം എല്ലാ പഞ്ചായത്തുകളോടും ഈ പദ്ധതി ഏറ്റെടുക്കാനും സർവ്വകലാശാലയ്ക്ക് പരിശീലനാർത്ഥികളെ നൽകാനും നിർദ്ദേശിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട് എന്നും ബഹു. ഡയറക്ടർ ഓഫ് എന്റർപ്രണർഷിപ്പ് അറിയിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റൈപ്പെന്റ് വർദ്ധന യോഗം അംഗീകരിച്ചു.<br><br>*നടപടി: ഡയറക്ടർ ഓഫ് എന്റർപ്രണർഷിപ്പ്* |

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 4.2 | ഡി.ഒ.ഇ. – നീർമാതളം, നിശാഗന്ധി എന്നീ ഗസ്റ്റ് ഹൗസുകളുടെ വാടക വർദ്ധിപ്പിക്കുന്നത് – സംബന്ധിച്ച്. | നിർദ്ദേശിച്ച നിരക്കുകൾ കുറവാണെന്നും പൂക്കോട് ഗസ്റ്റ് ഹൗസുകളിലേക്കും വാടക വർദ്ധിപ്പിക്കണം എന്നും യോഗം നിർദ്ദേശിച്ചു. ആയത് അനുസരിച്ച് പരിഷ്കരിച്ച കുറിപ്പ് അടുത്ത യോഗത്തിൽ സമർപ്പിക്കാൻ യോഗം നിർദ്ദേശിച്ചു.<br><br>*നടപടി: രജിസ്ട്രാർ, ഡി. ഇ.* |
| 5.1 | ഐ.ഡി.ഡബ്ല്യു. – "Construction of Ladies Hostel at KVASU, Mannuthy – Civil & Electrical works" – പ്രവൃത്തിക്ക് സാങ്കേതി കാനുമതി നൽകിയത് – സാധൂകരിക്കുന്നത് – സംബന്ധിച്ച്. | അംഗീകരിച്ചു.<br><br>*നടപടി: ഡയറക്ടർ (ഐ.ഡി. വിംഗ്)* |
| 5.2 | ഐ.ഡി. വിംഗ്. – Mission 500 4G Saturation Project–ന്റെ ഭാഗമായി പൂക്കോട് ക്യാമ്പസിൽ BSNL Tower സ്ഥാപിക്കുതിന് 5 സെന്റ് ഭൂമി അനുവദിക്കുന്നത് – സംബന്ധിച്ച്. | സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള വാടക കുറവാണെന്ന് യോഗം വിലയിരുത്തി. ടി. വാടകയിൽ ടവർ സ്ഥാപിക്കുന്നതിന് സമ്മതിച്ചുകൊണ്ടുള്ള MoU ഒപ്പ് വയ്ക്കുണമെങ്കിൽ ഈ ടവർ ഉപയോഗിക്കുന്നതിന് മികച്ച കണക്ടിവിറ്റി നല്കുന്ന മറ്റ് സേവന ദാതാക്കൾക്ക് അവസരം നൽകുന്നതിനുള്ള അവകാശം സർവ്വകലാശാലയ്ക്കും ഉണ്ടാകണമെന്നും ആയത് ബിഎസ്എൻഎൽ നേരിട്ട് ചെയ്യുകയാണെങ്കിൽ ആയതിന്റെയും വാടക, മറ്റ് നിരക്കുകൾ എന്നിവ തീരുമാനിക്കുന്നതിനുള്ള അവകാശവും സർവ്വകലാശാലയ്ക്ക് നൽകണമെന്ന വ്യവസ്ഥ ഉൾക്കൊള്ളിക്കണെമെന്ന ബഹു. എം. എൽ. എ.– മാരുടെ നിർദ്ദേശം അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ, ഡയറക്ടർ (ഐ.ഡി. വിംഗ്)* |
| **അജണ്ടക്ക് പുറമേയുള്ള കുറിപ്പുകൾ** | | |
| OA: 1 | പൊതുഭരണം/എ3 – റഫറൻസ് ഓഫീസർ തസ്തികയിൽ നിന്നും വിരമിച്ച ഡോ. മീര. കെ ഫയൽ ചെയ്ത WP(C)17841/2023 നമ്പർ ഹർജിയിലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം നടപ്പാക്കുന്നത് – സംബന്ധിച്ച്. | അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |

**അജണ്ടാക്കുറിപ്പുകൾക്ക് പുറമേ നടന്ന ചർച്ചകളും തീരുമാനങ്ങളും:**

1. സർവ്വകലാശാലയുടെ നേട്ടങ്ങൾ അവതരിപ്പിച്ചതിനനുബന്ധമായി നടന്ന ചർച്ചയിൽ, കേരളത്തിനാവശ്യമായ കോഴിമുട്ട മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യാതെ സംസ്ഥാനത്തെ സ്വയംപര്യാപ്തതയിലെത്തിക്കാനുള്ള നടപടി സമയ ബന്ധിതമായി സ്വീകരിക്കണമെന്ന് ബഹു. അംഗം ശ്രീ. വാഴൂർ സോമൻ – എം.എൽ.എ. അഭിപ്രായപ്പെട്ടു. ആയതിന് മൃഗ സംരക്ഷണ വകുപ്പുമായി ചേർന്ന് സർവ്വകലാശാല ഒരു പദ്ധതി സർക്കാരിൽ സമർപ്പിക്കുന്നതിനും, കോഴിമുട്ടയുടെയും ഇറച്ചിയുടെയും കാര്യത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിന് KEPCO, കുടുംബശ്രീ തുടങ്ങിയ ഏജൻസികളുടെ സഹായത്തോടെ ഈ പദ്ധതി സംസ്ഥാനമൊട്ടാകെ നടപ്പിലാക്കാനും ബഹു. എം.എൽ.എ.-മാർ ആവശ്യപ്പെട്ടു.
   ***നടപടി: ഡയറക്ടർ (എന്റർപ്രണർഷിപ്പ്)***

2. ഡോ. സ്മിത. ജെ. പി യുടെ പുറത്താക്കലുമായി ബന്ധപ്പെട്ട വിധി ന്യായത്തിന് എതിരായി മേൽ കോടതിയെ സർവ്വകലാശാല നേരിട്ട് സമീപിക്കണമോ എന്ന വിഷയം ബഹു. അംഗം ശ്രീ. വാഴൂർ സോമൻ – എം.എൽ.എ. യോഗത്തിൽ ഉന്നയിച്ചു. എന്നാൽ, സർവ്വകലാശാല സ്റ്റാൻഡിംഗ് കൗൺസിലിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ടിയാരി കോടതിയെ സമീപിക്കുവാണെങ്കിൽ സർവ്വകലാശാല ടിയാരിയുടെ പക്ഷത്തെ ന്യായം കൂടി കണക്കിലെടുത്ത് ടിയാരിക്ക് അനുകൂലമായ നിലപാട് കോടതിയിൽ സ്വീകരിക്കണമെന്ന് യോഗം തീരുമാനിച്ചു.
   ***നടപടി: രജിസ്ട്രാർ***

3. ഡോ. ഇ. എം. മുഹമ്മദ്-ന്റെ വിഷയം യോഗത്തിൽ ബഹു. അംഗം ശ്രീ. വാഴൂർ സോമൻ – എം.എൽ.എ. ഉന്നയിച്ചപ്പോൾ ആയത് സർക്കാർ പരിഗണനയിൽ ആണെന്ന് ബഹു. മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറി യുടെ പ്രതിനിധി അറിയിച്ചു. ആയത് ലഭ്യമായ ശേഷം തുടർ നടപടികൾ ചർച്ച ചെയ്യാം എന്ന് യോഗം തീരുമാനിച്ചു.
   ***നടപടി: രജിസ്ട്രാർ***

4. വൈത്തിരി-ലക്കിടി ഭാഗത്തായി ഒരു ഫയർ സർവ്വീസ് സ്റ്റേഷൻ തുടങ്ങുന്നതിന് സർക്കാർ അനുവദിച്ചിട്ടുണ്ട് എന്ന് ബഹു. കൽപ്പറ്റ എം.എൽ.എ. യോഗത്തെ അറിയിച്ചു. ആയത് സ്ഥാപിക്കുന്നതിനായി സർവ്വകലാശാല ആസ്ഥാനത്ത് സ്ഥലം ലഭ്യമാക്കുന്നതിനുള്ള ഔദ്യോഗിക കത്ത് നൽകുമെന്ന് ബഹു. കൽപ്പറ്റ എം.എൽ.എ. അഡ്വ. ടി.സിദ്ദിഖ് ഭരണസമിതിയെ അറിയിച്ചു. മേൽ കത്തിന്റെ അടിസ്ഥാനത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കാൻ യോഗം തീരുമാനിച്ചു.
   ***നടപടി: രജിസ്ട്രാർ***

അദ്ധ്യക്ഷൻ എല്ലാ അംഗങ്ങൾക്കും കൃതജ്ഞത പ്രകാശിപ്പിക്കുകയും യോഗം 1.40 മണിക്ക് അവസാനിക്കുകയും ചെയ്തു.

**(ഒപ്പ്)**
**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ**
**(അദ്ധ്യക്ഷൻ)**
*(13/09/2023 തീയതിയിൽ അംഗീകരിച്ചു.)*

**//True copy//**

**SECTION OFFICER - GA/B Section**

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 1.1 | 19/08/2023-ന് നടന്ന 83-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിന്റെ മിനിറ്റ്സ് അംഗീകാരത്തിനായി സമർപ്പിക്കുന്നത്. | മിനിറ്റ്സിൽ മൃഗ-സംരക്ഷണ വിഭാഗം സെക്രട്ടറിയുടെ പ്രതിനിധിയെ 'സാന്നിധ്യം' എന്ന രീതിയിൽ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്നും ടിയാനെ 'ഹാജരായ അംഗങ്ങൾ' എന്ന തലക്കെട്ടിൽ ഉൾപ്പെടുത്തേണ്ടതല്ലേ എന്ന് ബഹു. അംഗം ശ്രീ. തോമസ് കെ.കെ. ആരാഞ്ഞു. ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്ന് രജിസ്ട്രാർ യോഗത്തെ അറിയിച്ചു. കൂടാതെ മിനിറ്റ്സിൽ പറഞ്ഞിരിക്കുന്നത് പോലെ അജണ്ടാക്കുറിപ്പുകൾക്ക് പുറമേ നടന്ന ചർച്ചയിൽ, ഡോ. സ്മിത. ജെ.പി.-യുടെ പുറത്താക്കലുമായി ബന്ധപ്പെട്ട വിധി ന്യായത്തിന് എതിരായി മേൽ കോടതിയെ സർവ്വകലാശാല നേരിട്ട് സമീപിക്കണമോ എന്ന ചോദ്യമല്ല ബഹു. അംഗം ശ്രീ. വാഴൂർ സോമൻ - എം.എൽ.എ. ഉന്നയിച്ചതെന്നും മേൽ കോടതിയെ സർവ്വകലാശാല നേരിട്ട് സമീപിക്കണം എന്ന് ആവശ്യപ്പെട്ടതാണെന്നും ബഹു. അംഗം ശ്രീ. തോമസ്. കെ.കെ. അറിയിച്ചു. ഇത്തരത്തിൽ മിനിറ്റ്സിൽ മാറ്റം വരുത്തുന്നതിന് യോഗം തീരുമാനിച്ചു.<br><br>മേൽ തിരുത്തലുകളോടെ മിനിട്സ് അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 1.2 | 19/08/2023-ന് നടന്ന 83-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് അംഗീകാരത്തിനായി സമർപ്പിക്കുന്നത്. | അംഗീകരിച്ചു.<br><br>അജണ്ടാക്കുറിപ്പുകൾക്ക് പുറമെ നടന്ന ചർച്ചയിലെ രണ്ടാമത്തെ ഇനത്തിൽ ഡോ. സ്മിത. ജെ. പി. മേൽക്കോടതിയെ സമീപിച്ചത് സർവ്വകലാശാലയെ അറിയിച്ചിട്ടുണ്ടെന്നും ടി കത്തിൽ സർവ്വകലാശാലയോട് കക്ഷി ചേരാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ബഹു. അംഗം ശ്രീ. തോമസ്. കെ. കെ. യോഗത്തെ അറിയിച്ചു. സർവ്വകലാശാലയ്ക്ക് അനുകൂല നിലപാട് ആയതിനാൽ ടിയാരി സർവ്വകലാ |

| | | |
|---|---|---|
| | | ശാലയെ കക്ഷി ചേർക്കാതെ സർവ്വകലാശാല നേരിട്ട് കക്ഷി ചേരുന്നത് കോടതി വിമർശനം ഉണ്ടാക്കിയേക്കാം എന്ന് യോഗം നിരീക്ഷിച്ചു. ആയതിനാൽ മേൽ പറഞ്ഞ കത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ട എന്ന് തീരുമാനിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| | | |